LIBRARY ARCHIVES Kerala Legislative Assembly

പോലെ, നിരവധി വർക്കുകൾ വിവിധ ഏജൻസികൾ ഏറ്റെടുക്കുന്നുണ്ട്. എന്നാൽ ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ പാവപ്പെട്ട ആളുകൾക്ക് പ്രയാസമുണ്ടാകുന്നുവെന്ന കാര്യം ശരിയാണ്. നേരത്തെ കാൽനടയ്ക്കായി ഉപയോഗിച്ചിരുന്ന സ്ഥലമാണ്, റോഡുവരുമെന്ന് കരുതിയാണ് നിർമ്മാണ പ്രവർത്തനങ്ങളിലേയ്ക്ക് കടന്നത്. റോഡിന്റെ ഉപരിതലം തയ്യാറാക്കുകയും സംരക്ഷണഭിത്തി നിർമ്മിക്കുകയും ഒന്നാം ലെയർ മെറ്റലിങ്ങും രണ്ട് കൾവെർട്ടുകളുടെ പണിയും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പണം നൽകിയിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തതുകൊണ്ടാണ് റിസ്ക് ആൻഡ് കോസ്റ്റിൽ കമ്പനിയെ ടെർമിനേറ്റ് ചെയ്തത്. ഇപ്പോൾ റീ-ടെണ്ടർ നടപടികളുമായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുന്നോട്ട് പോയിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. സ്കീമായതുകൊണ്ട് 30-9-2021 വരെയാണ് നിലവിലെ കാലാവധി. ബില്ലുകൾ സമർപ്പിക്കാനുള്ള കാലാവധി 31-12-2021 ആണ്. അതിനുമുൻപായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽ നബാർഡിൽ നിന്നുള്ള സഹായം ലഭിക്കാതെ വരുന്ന സ്ഥിതിയുണ്ടാകും. അതുകൊണ്ടുതന്നെ എത്രയും പെട്ടെന്ന് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ നടപടി ത്വരിത ഗതിയിൽ സ്വീകരിച്ചുവരികയാണ്. ഇങ്ങനെയുള്ള ഏജൻസികളെ ഒഴിവാക്കുന്ന കാര്യം സംബന്ധിച്ച് ചർച്ച നടത്തേണ്ടതാണ്. ചില ഏജൻസികൾ പ്രവൃത്തി ഏറ്റെടുക്കുയല്ലാതെ പൂർത്തീകരിക്കുകയെന്നത് അവരുടെ സമീപനമല്ല. അങ്ങനെയുള്ളവയെ ഒഴിവാക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണ്.

(7) ഫാം തൊഴിലാളികളുടെ ശമ്പളവും ക്ഷാമബത്തയും സ്പാർക്കിലുൾപ്പെടുത്തൽ

ശ്രീ. ഡി. കെ. മുരളി: സർ, സംസ്ഥാന കൃഷിവകുപ്പിന് കീഴിൽ ധാരാളം ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. എന്റെ മണ്ഡലത്തിലെ പെരിങ്ങമ്മല പഞ്ചായത്തിൽ വകുപ്പ് നേരിട്ട് നടത്തുന്ന ബനാനാ ഫാമും ജില്ലാപഞ്ചായത്ത് നേതൃത്വം കൊടുക്കുന്ന കൃഷിത്തോട്ടവുമുണ്ട്. ആയിരക്കണക്കിന് തൊഴിലാളികൾ ഈ ഫാമുകളിൽ ജോലിചെയ്യുന്നുണ്ട്. ഇവരുടെ പുതുക്കിയ ശമ്പള നിർണ്ണയം നടത്തിക്കഴിയുകയും ക്ഷാമബത്ത കുടശ്ശിക സർക്കാർ ഉത്തരവ് പ്രകാരം 2021 മാർച്ച് മാസത്തെ ശമ്പളത്തോടൊപ്പം പ്രോവിഡണ്ട് ഫണ്ടിൽ ലയിപ്പിക്കാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. 2021 മാർച്ച് മാസം മുതലുള്ള പുതുക്കിയ ശമ്പളവും ക്ഷാമബത്ത കുടിശ്ശികയും തൊഴിലാളികൾക്ക് നൽകാനുണ്ട്. സ്പാർക്ക് സോഫ്റ്റ്വെയർ അപ്ഗ്രേഡ് ചെയ്യാത്തതുകൊണ്ടും സോഫ്റ്റ്വെയറിന്റെ ചില സാങ്കേതിക പ്രശ്നങ്ങൾകൊണ്ടുമാണ് ഇവ ലഭ്യമാക്കാൻ കഴിയാത്തതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് പരിഹാരം

കാണണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ചെറിയ വേതനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ എന്നതുകൊണ്ടുതന്നെ പ്രത്യേകിച്ച് ഓണക്കാലം വരുന്നതിനാൽ അവരുടെ സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കാൻ ഇത് സഹായകമാകും.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സംസ്ഥാനത്തെ ഫാം വർക്കേഴ്സിന്റെ ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഡി. കെ. മുരളി ഉന്നയിച്ച പ്രശ്നം ഏറ്റവും പ്രധാനപ്പെട്ടതാണ്. ഞാൻ ഫാം വർക്കേഴ്സ് യൂണിയന്റെ സംസ്ഥാന പ്രസിഡന്റുകൂടിയാണ്, ഭാഗ്യവശാൽ ധനകാര്യ വകുപ്പു മന്ത്രിക്കുവേണ്ടി മറുപടി പറയേണ്ടി വന്നു. സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് 8-2021-ലാണ്. അതോടൊപ്പംതന്നെ ഫാം വർക്കേഴ്സിന്റെ ശമ്പളപരിഷ്കരണവും നടപ്പാക്കേണ്ടിയിരുന്നെങ്കിലും അത് ചെയ്തില്ല. അതുമായി ബന്ധപ്പെട്ട് നിരവധി പ്രാവശ്യം ചർച്ചകൾ നടന്നതാണ്. അതിനുശേഷം ഈ വിഷയവുമായി ബന്ധപ്പെട്ട ശിപാർശകളിൽ ഭരണവകുപ്പ് തീരുമാനമെടുത്ത് ധനകാര്യവകുപ്പിന് നടപടിക്കായി സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ശിപാർശകൾ മന്ത്രിസഭായോഗത്തിൽ സമർപ്പിക്കേണ്ടത് ധനകാര്യ വകുപ്പ് പരിശോധിച്ചതിനു ശേഷമാണ്. ഈ വിഷയത്തിൽ പിന്നീട് ഭരണ വകുപ്പ് പ്രവർത്തിക്കേണ്ടത് മന്ത്രിസഭാ യോഗതീരുമാനപ്രകാരമാണ്. എന്നാൽ നടപടി ക്രമങ്ങൾ ഇതുവരെ പാലിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അത്തരമൊരു തീരുമാനമെടുത്തെങ്കിൽ മാത്രമെ സ്പാർക്ക് സോഫ്റ്റ്വെയറിൽ ശമ്പള വർദ്ധനവ്, ക്ഷാമബത്ത കുടിശ്ശിക മുതലായവ അപ്ഡേറ്റ് ചെയ്യാൻ കഴിയുകയുള്ളൂ. ഇതിനുള്ള നടപടികൾ ഭരണവകുപ്പ് കൃത്യസമയത്ത് എടുത്തിട്ടില്ലെന്നാണ് കാണാൻ കഴിയുന്നത്. അതുകൊണ്ട് ഫാം വർക്കേഴ്സിന്റെ ശമ്പള വർദ്ധനവിനുള്ള ശിപാർശകൾ ഉടൻതന്നെ ഭരണവകുപ്പിൽനിന്നും ധനകാര്യ വകുപ്പിന് ലഭ്യമാക്കാനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. അത്തരത്തിൽ ലഭ്യമാകുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ എത്രയും പെട്ടെന്ന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയേണ്ടതാണെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

(8) എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഡി.വൈ.എഫ്.ഐ. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഒരു ഹർജി നൽകുകയുണ്ടായി. നഷ്ടപരിഹാരം കേന്ദ്രഗവൺമെന്റും എൻഡോസൾഫാൻ കമ്പനിയും നൽകണമെന്ന വിധിയാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ

LIBRARY ARCHIVES Kerala Legislative Assembly